# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.09.2026**

### പ്രധാനവാർത്തകൾ

1. മഴക്കെടുതിയിൽ കഴിഞ്ഞ ദിവസങ്ങളിൽ മരിച്ച ഒൻപത് പേരുടെ കുടുംബങ്ങൾക്ക് എട്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ തീരുമാനിച്ച് സംസ്ഥാന മന്ത്രിസഭായോഗം. ലോക കേരളസഭ പിരിച്ചുവിടാനും മന്ത്രിസഭയുടെ അനുമതി.

2. കേരള പിറവിയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യത്തെ പ്രധാന നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരളം' സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

3. സംസ്ഥാനത്ത് സെപ്റ്റംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം നാളെ മുതൽ ആരംഭിക്കും.

4. 18-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയ്ക്ക് മറ്റന്നാൾ തിരുവനന്തപുരത്ത് തുടക്കം. ഡെലിഗേറ്റ് പാസ് വിതരണത്തിന് തുടക്കം കുറിച്ച് മന്ത്രി പി.സി വിഷ്ണുനാഥ്.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

PNU TVPM

6. ഏഷ്യൻ ഗെയിംസ് ബാഡ്മിൻറണിൽ വെങ്കലം നേടി ഇന്ത്യൻ പുരുഷ ടീം. വുഷുവിൽ ഫൈനലിൽ കടന്ന് റോഷിബിന ദേവി.

**************************

## മന്ത്രിസഭായോഗം

മലപ്പുറം, ഇടുക്കി, കോട്ടയം ജില്ലകളിൽ മഴക്കെടുതിയെ തുടർന്ന് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അപകടങ്ങളിൽ മരിച്ച ഒൻപത് പേരുടെ കുടുംബങ്ങൾക്ക് എട്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. വയോജന ക്ഷേമവകുപ്പിന്റെ പേര് 'മുതിർന്ന പൗരന്മാർക്കുള്ള വകുപ്പ്' എന്ന് പുനർനാമകരണം ചെയ്യാനും മന്ത്രിസഭ അനുമതി നൽകി. ലോക കേരളസഭ പിരിച്ചുവിടാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായും മുഖ്യമന്ത്രി വി.ഡി സതീശൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബദൽ സംവിധാനം കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു. പരിസ്ഥിതി ലോല പ്രദേശങ്ങൾ കണക്കാക്കി പരിസ്ഥിതി വകുപ്പ് തയ്യാറാക്കുന്ന സമഗ്രമായ മാപ്പ് ഉടൻ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ പ്രസിദ്ധീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

RNU TVPM

**************************

## ഫെസ്റ്റിവൽ കേരളം

കേരള പിറവിയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യത്തെ പ്രധാന നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരളം' സംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.ആദ്യഘട്ടത്തിൽ ന്യൂഡൽഹി, മുംബൈ, ബെംഗളൂരു, ചെന്നൈ, കൊൽക്കത്ത എന്നിവിടങ്ങളിലാണ് ഫെസ്റ്റിവൽ കേരളം സംഘടിപ്പിക്കുക. കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ അവതരണം, സാംസ്കാരിക ചർച്ചകൾ, നിക്ഷേപക സംഗമം എന്നിവ പരിപാടിയുടെ ഭാഗമായി നടക്കും. രണ്ടാംഘട്ടത്തിൽ വിദേശ രാജ്യങ്ങളിലേക്കും പരിപാടി വ്യാപിപ്പിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

**************************

**<u>ക്ഷേമപെൻഷൻ</u>**

സെപ്റ്റംബർ മാസത്തെ ക്ഷേമപെൻഷൻ വിതരണം സംസ്ഥാനത്ത് നാളെ മുതൽ ആരംഭിക്കും. ഇതിനായി സംസ്ഥാന സർക്കാർ 1,068 കോടി രൂപ അനുവദിച്ചു.

**************************

**<u>സ്റ്റാൻഡ് വിത്ത് തൂഫാൻ</u>**

പൊതുസമൂഹം ഒന്നടങ്കം സ്വമേധയാ ഏറ്റെടുത്തുവെന്നതാണ് ഓപ്പറേഷൻ തൂഫാന്റെ വിജയരഹസ്യമെന്ന് മന്ത്രി റോജി എം ജോൺ. പോളിടെക്‌നിക് കോളേജുകൾ കേന്ദ്രീകരിച്ച് NSS ടെക്‌നിക്കൽ സെല്ലിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്റ്റാൻഡ് വിത്ത് തൂഫാൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പുതുതലമുറയെ ലഹരിയുടെ പിടിയിൽ നിന്ന് രക്ഷിക്കാനുള്ള ഉത്തരവാദിത്തം എൻഎസ്എസ് ഏറ്റെടുത്തതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**************************

**<u>മുരളീധരൻ - ശബരിമല ( ഇൻട്രോ )</u>**

ശബരിമല തീർത്ഥാടന കാലം ഭംഗിയാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും, തിരുവിതാംകൂർ ദേവസ്വം ബോർഡുമായി അഭിപ്രായ ഭിന്നതകളുണ്ടെങ്കിലും ഏറ്റുമുട്ടലിനില്ലെന്നും ദേവസ്വം മന്ത്രി കെ. മുരളീധരൻ.. ശബരിമലയിലെ പ്രശ്നങ്ങളിൽ പരിഹാരമുണ്ടാക്കാൻ സർക്കാർ ശ്രമിക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി.

( വോയിസ്...)

**************************

**<u>ഫ്ലൂ പ്രതിരോധ കുത്തിവയ്പ്പ്</u>**

സംസ്ഥാനത്ത് ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ദത്തെടുക്കൽ - ശിശുപരിചരണ കേന്ദ്രങ്ങളിലെ കുട്ടികൾക്കും ആയമാർക്കുമുള്ള ഫ്ലൂ വാക്സിൻ കുത്തിവെയ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ തിരുവനന്തപുരത്ത് നിർവഹിച്ചു. സ്വകാര്യ ആശുപത്രികളിൽ 4,800 രൂപയോളം വിലവരുന്ന വാക്സിനാണ്, സൗജന്യമായി നൽകുന്നത്.

**************************

## ഗിഗോൺ വിശ്രമകേന്ദ്രം

തൊഴിലാളി സൗഹൃദ കേരളത്തിന്റെ മറ്റൊരു മാതൃകയാണ് ഓൺലൈൻ ഡെലിവറി ജോലിക്കാർക്കുള്ള ഗിഗോൺ വിശ്രമകേന്ദ്രമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. തിരുവനന്തപുരം വാൻറോസ് ജങ്ഷനിൽ ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കോഴിക്കോട്, എറണാകുളം ജില്ലകളിലെ വിശ്രമകേന്ദ്രങ്ങളുടെ ഉദ്ഘാടനവും ഇതോടൊപ്പം നടന്നു. രാവിലെ 8 മണി മുതൽ രാത്രി 10 വരെയാണ് ഇവയുടെ പ്രവർത്തനം.

***************************

## പ്രസിഡന്റ്-ഗുജറാത്ത്

ഗുജറാത്തിലെ വഡോദരയിൽ ബ്രഹ്മകുമാരീസിന്റെ 'ഗ്ലോബൽ സ്പിരിച്വൽ പാലസ് റിട്രീറ്റ് സെന്ററിന്റെ ഉദ്ഘാടനം രാഷ്ട്രപതി ദ്രൗപദി മുർമു നിർവഹിച്ചു. യോഗ, ധ്യാനം, അഹിംസ, കരുണ, 'വസുധൈവ കുടുംബകം' തുടങ്ങിയ മഹത്തായ ആശയങ്ങൾ ലോകത്തിന് സംഭാവന ചെയ്തത് ഇന്ത്യയാണെന്ന് രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു.

RNU TVPM

***************************

## ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

***************************

## ബാങ്ക് പണിമുടക്ക്

ബാങ്ക് ജീവനക്കാരുടെ സംഘടനകൾ സംയുക്തമായി ഈ മാസം 28 മുതൽ 30 വരെ പ്രഖ്യാപിച്ചിട്ടുള്ള ദേശീയ ബാങ്ക് പണിമുടക്ക് കണക്കിലെടുത്ത് 27-ാം തീയതി ബാങ്കുകൾ സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് കേന്ദ്ര സർക്കാർ. എല്ലാ പൊതുമേഖലാ ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും ഞായറാഴ്ച തുറന്ന് പ്രവർത്തിക്കും. പണിമുടക്ക് മാറ്റിവെക്കാൻ സർക്കാരും ബാങ്ക് മാനേജ്മെന്റുകളും, യൂണിയനുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

***************************

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. 2047-നകം 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സൗരോർജ്ജ രംഗത്ത് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ നിർണായക ചുവടുവയ്പുകളാണ് നടപ്പാക്കിയത്. 2014 ൽ 2.8 ജിഗാവാട്ട് ആയിരുന്ന സൗരോർജ്ജ ശേഷി, 2026 ൽ 165 ജിഗാവാട്ടായി ഉയർത്താൻ കേന്ദ്രസർക്കാരിൻറെ പരിശ്രമങ്ങളിലൂടെ സാധിച്ചു. പിഎം സൂര്യ ഘർ മുഫ്ത് ബിജിലി യോജനയിലൂടെ 14.8 ജിഗാവാട്ടിൻറെ പുരപ്പുറ സൗരോർജ്ജ ഉത്പാദനം സാധ്യമായി. 51 ലക്ഷം കുടുംബങ്ങളെ ശാക്തീകരിക്കാനും ഇതിലൂടെ സാധിച്ചു.

***************************

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് KSEB. രാത്രി 12:35 വരെയാണ് നിയന്ത്രണം.

RNU TVPM

***************************

## ഹ്രസ്വ ചലച്ചിത്ര മേള(ഇൻട്രോ)

18 -ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയ്ക്ക് മറ്റന്നാൾ തിരുവനന്തപുരത്ത് തുടക്കം. മേളയുടെ ഡെലിഗേറ്റ് കിറ്റിന്റെയും പാസിന്റെയും വിതരണം മന്ത്രി പി സി വിഷ്ണുനാഥ് ഇന്ന് ഉദ്ഘാടനം ചെയ്യു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

***************************

## ഓച്ചിറ

ഓണാട്ടുകരയിൽ ഇരുപത്തെട്ടാം ഓണത്തിൻറെ ആവേശമുയർത്തി ഓച്ചിറ കാളകെട്ടുത്സവത്തിന് തുടക്കമായി.
കെട്ടുകാളകളെ വാദ്യമേളത്തിൻറെ അകമ്പടിയോടെ ആവേശഘോഷയാത്രയായാണ് പടനിലത്തേക്ക് നയിക്കുന്നത്.

72 അടി ഉയരവും 6 ടൺ ഭാരവുമുള്ള വിശ്വപ്രജാപതി കാലഭൈരവൻ, 60 അടി ഉയരമുള്ള രൗദ്ര സ്കന്ദൻ, 56.5 അടി ഉയരമുള്ള ഓണാട്ടുകതിരവൻ എന്നീ കാളരൂപങ്ങളാണ് തലയെടുപ്പിനാൽ മുഖ്യ ആകർഷണം.

***************************

## മഴ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്നും, 5 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകി. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട തീവ്ര ന്യൂനമർദ്ദം ഇന്ന് രാത്രിയോടെ ആന്ധ്രാ-ഒഡീഷ തീരത്ത് പ്രവേശിക്കാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥ വിഭാഗം അറിയിച്ചു.

***************************

## ഏഷ്യൻ ഗെയിംസ്

RNU TVPM

ഏഷ്യൻ ഗെയിംസ് ബാഡ്മിൻറൺ പുരുഷന്മാരുടെ ടീമിനത്തിൽ ഇന്ത്യയ്ക്ക് വെങ്കലം . സെമിഫൈനലിൽ ചൈനയോടാണ് 1-3 ന് ഇന്ത്യൻ സംഘം പരാജയപ്പെട്ടത്. വനിതകളുടെ 49 കിലോഗ്രാം ഭാരോദ്വഹനത്തിൽ ഇന്ത്യയുടെ മീരാബായ് ചാനു വെള്ളിയും, പുരുഷ സോഫ്റ്റ് ടെന്നീസിൽ ജയ് മീണ വെങ്കലവും നേടി. വുഷു വനിതകളുടെ 60 കിലോഗ്രാം വിഭാഗത്തിൽ റോഷിബിന ദേവി ഫൈനലിൽ പ്രവേശിച്ചു. ഏഷ്യൻ ഗെയിംസിൽ ഒരു സ്വർണ്ണവും, 5 വെള്ളിയും, 6 വെങ്കലവും ഉൾപ്പെടെ 12 മെഡലുകളോടെ 13-ആം സ്ഥാനത്താണ് നിലവിൽ ഇന്ത്യ. ചൈനയും, ജപ്പാനും, സൗത്ത് കൊറിയയുമാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.

***************************

## ബിജെപി ഭാരവാഹികൾ

ബിജെപി കേരള പ്രഭാരിയായി എം നാഗരാജയെ നിയമിച്ച് പാർട്ടി ദേശീയ നേതൃത്വം. എം വെങ്കിടേശനെ സഹ പ്രഭാരിയായും നിയമിച്ചു. മുൻ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന് ലക്ഷദ്വീപിന്റെ ചുമതല നൽകി. കെ സുരേന്ദ്രൻ പുതുച്ചേരിയുടെയും അനിൽ ആന്റണി നാഗാലാൻഡിന്റെയും പ്രഭാരിയായി നിയമിതരായി.

***************************

## മന്ത്രവാദം - കരട് ബിൽ

മന്ത്രവാദവും അന്ധവിശ്വാസ ചൂഷണവും തടയാൻ നിയമനിർമാണം ശുപാർശ ചെയ്ത് വിദഗ്ധ സമിതി സംസ്ഥാന സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഇത് സംബന്ധിച്ച ബില്ലിന്റെ

കരടും സർക്കാരിന് കൈമാറി.

***************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഈ മാസം 28 ന് നടക്കും. രാവിലെ ഏഴ് മണി മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ഈ മാസം 29 നാണ് ഫലപ്രഖ്യാപനം.

***************************

***************

*******

RNU TVPM